**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

## <u>യൂണിവേഴ്സൽ സർവ്വീസ് ഒബ്ലിഗേഷൻ ഫണ്ട് പദ്ധതി</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1675 — 31-01-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി.ഡി. സതീശൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ യൂണിവേഴ്സൽ സർവ്വീസ് ഒബ്ലിഗേഷൻ ഫണ്ട് (യു. എസ്.ഒ.എഫ്) പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിൽ വൈ-ഫൈ സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; | (എ) | കേന്ദ്രസർക്കാരിന്റെ യൂണിവേഴ്സൽ സർവ്വീസ് ഒബ്ലിഗേഷൻ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ വൈഫൈ സംവിധാനം ഏർപ്പെടുത്തുന്നതിന് നിലവിൽ പദ്ധതിയില്ല. എന്നാൽ തെരഞ്ഞെടുത്ത 2000-ഓളം കേന്ദ്രങ്ങളിൽ സൗജന്യ വൈഫൈ ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തെ 1000 വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള കരാർ ബി.എസ്.എൻ.എലിന് നൽകിക്കഴിഞ്ഞു. ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പൊതു സ്ഥലങ്ങൾ ജില്ലാ കളക്ടർമാർ നിർദ്ദേശിക്കുകയും അവയുടെ സാദ്ധ്യതാ പഠനം പുരോഗമിക്കുകയും ചെയ്യുന്നു. പൊതുജനങ്ങൾക്ക് ദിവസേന 300 എം.ബി വരെ സൗജന്യ ഡേറ്റ വൈ.ഫൈ വഴി ഉപയോഗിക്കാവുന്ന രീതിയിലാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) | ഇതിനായി കേന്ദ്ര സർക്കാർ എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്; എന്നത്തേയ്ക്ക് പദ്ധതി പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (ബി) | ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ